# കേരളാ സ്റ്റേറ്റ് കോ – ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡ്, തിരുവനന്തപുരം


പി.ബി. നമ്പർ-112, ഓവർബ്രിഡ്ജ് ജംഗ്ഷൻ,തിരുവനന്തപുരം-1, ഫോൺ-0471-2460339
വെബ്സൈറ്റ് - www.kscewb.kerala.gov.in ഇ- മെയിൽ - secretary. kscewb.tvm@ gmail.com

റീജിയണൽ ഓഫീസ് : 1) പി ബി നമ്പർ. 76, പീക്കേ കോംപ്ലക്സ്, അണ്ടർബ്രിഡ്ജിന് സമീപം, മുനീശ്വരൻ കോവിൽ റോഡ്, കണ്ണൂർ-1, ഫോൺ- 0497-2708370
2) പി ബി നമ്പർ. 106, മഹേശ്വരി ബിൽഡിംഗ് , രണ്ടാംനില, എം. ജി. റോഡ്, തൃശൂർ- 680001, ഫോൺ- 0487-2444266
3) പി ബി നമ്പർ. 2305, കണയന്നൂർ സഹകരണ കാർഷിക- ഗ്രാമവികസന ബാങ്ക് ബിൽഡിംഗ്, പാലാരിവട്ടം പി. ഒ, കൊച്ചിൻ-25, എറണാകുളം ഫോൺ- 0484-2535693.
4) പി. ബി. നമ്പർ 112, കേരള സംസ്ഥാന സഹകരണ ബാങ്ക് ബിൽഡിംഗ്, ഓവർബ്രിഡ്ജ് ജംഗ്ഷൻ, തിരുവനന്തപുരം-1, ഫോൺ-0471-2460440


No : WBCA/KROA/1063/17 തീയതി : 20-05-2017

## സർക്കുലർ നമ്പർ : 01/2017

വിഷയം: കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡ്- അംഗങ്ങളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ക്യാഷ് അവാർഡുകൾക്ക് അപേക്ഷ ക്ഷണിക്കുന്നത് സംബന്ധിച്ച്:-

സൂചന: 21-06-2016 തീയതിയിലെ ജി. ഒ (എം. എസ്) 30/2016 (സഹകരണം) നമ്പർ സർക്കാർ ഉത്തരവ്

കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡിൽ അംഗങ്ങളായ സഹകരണ സംഘം ജീവനക്കാരുടെ മക്കളിൽ 2016-17 അദ്ധ്യയന വർഷത്തെ വിവിധ കോഴ്സുകളിൽ ഉയർന്ന മാർക്ക് കരസ്ഥമാക്കിയവർക്കുള്ള വിദ്യാഭ്യാസ ക്യാഷ് അവാർഡുകൾക്ക് അപേക്ഷകൾ ക്ഷണിക്കുന്നു.

SSLCയ്ക്ക് എല്ലാ വിഷയങ്ങൾക്കും 'A+' ഗ്രേഡ് നേടിയവർക്കും, Plus-2 വിന് '90%' മാർക്ക് ലഭിച്ചവർക്കും (CBSE, ICSE, ISC സിലബസുകൾ ഉൾപ്പെടെ), VHSE, HDC & BM, JDC എന്നീ കോഴ്സുകളിൽ സംസ്ഥാനതലത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കിയവർക്കുമാണ് ക്യാഷ് അവാർഡുകൾ നൽകുന്നത്.

B. Tech, M. Tech, B.Sc-നഴ്സിംഗ്, BDS, MBBS, BAMS, BHMS, MS, MD, MDS എന്നീ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിൽ ജില്ലാ തലത്തിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയ ഓരോ വിദ്യാർത്ഥിക്കും ക്യാഷ് അവാർഡ് ലഭിക്കും. 2016 ഏപ്രിൽ മാസത്തിനും 2017 മാർച്ച് മാസത്തിനുമിടയിൽ അവസാന വർഷ പരീക്ഷ വിജയിച്ച പ്രൊഫഷണൽ ഡിഗ്രി കോഴ്സ് വിദ്യാർത്ഥികളുടെ അപേക്ഷകളാണ് 2016-17 അദ്ധ്യയന വർഷത്തെ ക്യാഷ് അവാർഡിന് സമർപ്പിക്കേണ്ടത്.

കൂടാതെ കേരള സർക്കാർ പൊതുവിദ്യാഭ്യസ വകുപ്പ് സംഘടിപ്പിക്കുന്ന സെക്കന്ററി/ഹയർ സെക്കന്ററി തലത്തിലുള്ള സ്കൂൾ കലോത്സവത്തിൽ സംസ്ഥാനതലത്തിൽ 'A' ഗ്രേഡ് കരസ്ഥമാക്കിയവർക്കും ക്യാഷ് അവാർഡുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഓരോ വിഭാഗത്തിലും ഒന്നിലധികം ഇനങ്ങളിൽ 'A' ഗ്രേഡ് ലഭിച്ചവർക്ക് ഒരു ക്യാഷ് അവാർഡ് മാത്രമെ ലഭിക്കുകയുള്ളൂ.

ബോർഡിൽ അംഗമായി കുടിശ്ശിക വരുത്താതെ പ്രതിമാസ വിഹിതം അടച്ചുവരുന്ന സഹകരണ സംഘം ജീവനക്കാരുടെയും, കമ്മീഷൻ ഏജന്റുമാരുടെയും മക്കൾക്ക് ഏർപ്പെടുത്തിയിട്ടുള്ള മേല്പറഞ്ഞ കോഴ്സുകൾക്കുള്ള ക്യാഷ് അവാർഡിനായി ചുവടെ പറയുന്ന രേഖകൾ തയ്യാറാക്കി നിശ്ചിത അവസാന തീയതിയ്ക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്.

1. തൊഴിൽ സ്ഥാപനത്തിന്റെ ഭരണ നിയന്ത്രണചുമതലയുള്ള വകുപ്പ് തലവൻ/ ജില്ല/ താലൂക്ക് തലത്തിലുള്ള മേലുദ്യോഗസ്ഥൻ മേലൊപ്പുവച്ച (Countersign) നിശ്ചിത മാതൃകയിലുള്ള അപേക്ഷ (അനക്സർ- IX).
2. വിദ്യാർത്ഥി പഠിച്ച സ്കൂളിലെ/സ്ഥാപനത്തിലെ ഹെഡ് മാസ്റ്റർ/പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ ഗ്രേഡ്/മാർക്ക് ലിസ്റ്റ്, സർട്ടിഫിക്കറ്റ് എന്നിവയുടെ ശരിപ്പകർപ്പ്.
3. ജീവനക്കാരനും, വിദ്യാർത്ഥിയും തമ്മിലുള്ള ബന്ധം തെളിയിക്കുന്നതിനുള്ള രേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് (SSLC യുടെ പകർപ്പ്)
4. ഗ്രേഡിംഗ് സമ്പ്രദായത്തിൽ പരീക്ഷ വിജയിച്ച പ്രൊഫഷണൽ ഡിഗ്രി കോഴ്സ് വിദ്യാർത്ഥികളുടെ (B. Tech, M. Tech, B.Sc- നഴ്സിംഗ്, BDS, MBBS, BAMS, BHMS, MS, MD, MDS ) സർവ്വകലാശാല/സ്ഥാപനത്തിൽ നിന്നും ലഭിച്ച ഗ്രേഡ് പോയിന്റിന്റെ ശതമാനം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ്.
5. ജീവനക്കാരുടെയും, സ്ഥാപനത്തിന്റെയും ഫോൺ നമ്പർ (STD കോഡ് സഹിതം), ബോർഡിൽ നിന്നും അനുവദിച്ച ജീവനക്കാരന്റെയും, സ്ഥാപനത്തിന്റെയും കോഡ് നമ്പർ എന്നിവ രേഖപ്പെടുത്തിയ ചീഫ് എക്സിക്യൂട്ടീവിന്റെ ശുപാർശകത്ത്.

സഹകരണസംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ അപേക്ഷകൾ സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ൽ കുറയാത്ത തസ്തികയിലുള്ള ഓഫീസറും ഇതര വകുപ്പുകളിലെ സഹകരണസംഘം ജീവനക്കാരുടെ അപേക്ഷകൾ അതാത് വകുപ്പുകളുടെ താലൂക്ക്/ജില്ലാ തലത്തിൽ കുറയാത്ത ഓഫീസറുമാണ് മേലൊപ്പ് (Countersign) വയ്ക്കേണ്ടത്.

**അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി 31-07-2017 വൈകുന്നേരം 5 മണിവരെ**

അപേക്ഷകൾ അയയ്ക്കേണ്ട വിലാസം :

അഡീഷണൽ രജിസ്ട്രാർ/ സെക്രട്ടറി- ട്രഷറർ,
കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ളോയീസ് വെൽഫെയർ ബോർഡ്,
പി ബി നമ്പർ -112, സംസ്ഥാന സഹകരണ ബാങ്ക് ബിൽഡിംഗ്
ഓവർബ്രിഡ്ജ് ജംഗ്ഷൻ, തിരുവനന്തപുരം-1.

ക്യാഷ് അവാർഡ് തുക

| | |
|---|---|
| SSLC, Plus-2 - 10000/-<br>VHSE, HDC & BM, JDC<br>സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനം- 10000/-<br>സംസ്ഥാനതലത്തിൽ രണ്ടാം സ്ഥാനം- 7000/-<br>സംസ്ഥാനതലത്തിൽ മൂന്നാം സ്ഥാനം- 5000/- | B. Tech, M. Tech, B. Sc- നഴ്സിംഗ് - 15000/-<br>BDS, MBBS, BAMS, BHMS, MD, MS, MDS - 25000/-<br>സംസ്ഥാന സ്കൂൾ കലോത്സവത്തിൽ<br>'A' ഗ്രേഡ് - 5000/- |

ബോർഡിൽ അംഗങ്ങളല്ലാത്തവരുടെയും, നിശ്ചിത അവസാന തീയതിക്കുശേഷം ലഭിക്കുന്നതുമായ അപേക്ഷകൾ ക്യാഷ് അവാർഡിന് പരിഗണിക്കുകയില്ല. അപക്ഷാഫാറത്തിനും, മറ്റ് വിശദവിവരങ്ങൾക്കും തിരുവനന്തപുരത്തെ ഹെഡ് ഓഫീസ്, ബോർഡിന്റെ മറ്റ് റീജിയണൽ ഓഫീസുകൾ എന്നിവിടങ്ങളിൽ ബന്ധപ്പെടാവുന്നതാണ്. കൂടാതെ www.kscewb.kerala.gov.in എന്ന വെബ് സൈറ്റിലും ലഭ്യമാണ്.

Contact Numbers

Section - 9995506280

Sr. Superintendent- 9446751581

അഡീഷണൽ രജിസ്ട്രാർ / സെക്രട്ടറി- ട്രഷറർ

പകർപ്പുകൾ :

1. എല്ലാ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
2. എല്ലാ കയർ വികസന പ്രോജക്ട് ഓഫീസർമാർക്കും
3. ~~എല്ലാ ക്ഷീരവികസന വകുപ്പ് ഡപ്യൂട്ടി ഡയറക്ടർമാർക്കും~~
4. എല്ലാ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർക്കും
5. എല്ലാ ഫിഷറീസ് വകുപ്പ് ഡപ്യൂട്ടി ഡയറക്ടർമാർക്കും
6. എല്ലാ മാധ്യമ/ സഹകരണ പ്രസിദ്ധീകരണങ്ങൾക്കും

അറിവിലേയ്ക്കായി (ഉപരിപത്രം സഹിതം)

1) സഹകരണ സംഘം രജിസ്ട്രാർ
2) ഡയറക്ടർ, കയർ വികസന പ്രോജക്ട്
3) ഡയറക്ടർ, ക്ഷീര വികസന വകുപ്പ്
4) ഡയറക്ടർ, ഇൻഡസ്ട്രീസ് & കോമേഴ്സ്
5) ഡയറക്ടർ, ഹാന്റ്ലൂം & ടെക്സ്റ്റയിൽസ്
6) ഡയറക്ടർ, ഫിഷറീസ് ഡിപ്പാർട്ട്മെന്റ്
7) സെക്രട്ടറി, കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ്
8) റീജിയണൽ മാനേജർ, കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ളോയീസ് വെൽഫെയർ ബോർഡ്, റീജിയണൽ ഓഫീസ്- കണ്ണൂർ, തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം

ഉള്ളടക്കം - അപേക്ഷാഫാറത്തിന്റെ മാതൃക (അനക്സർ- IX).

ANNEXURE IX

# APPLICATION FOR CASH AWARDS TO THE STUDENTS OF THE EMPLOYEES OF THE KERALA STATE CO-OPERATIVE EMPLOYEES WELFARE BOARD

1. Name of the employee (In block letters) with full address and phone No. :
2. Name of the Student (In block letters) :
3. Relation with the employee :
4. Name, Address and phone No. of the Institution in which the employee is working :
5. Code No. of the employee and the Institution :
6. Name of Course / Competition in which the Student appeared :
7. Name of the Institution in which the student appeared for the Examination/Competition with Register Number & Year :
8. Total Marks /Grade secured in the Examination/ Competition :
9. Whether a true copy of the Certificate and Mark list duly attested by the Headmaster/ Principal of the Institution is attached :
10. Amount claimed :

I, ..........................................................................hereby certify that the particulars given above are correct and genuine to the best of my knowledge and belief.

Signature of the Employee.

Place:
Date:

Recommendation of the President of the Institution.

Place:
Date:

Name and Signature of the President of the Institution

(Seal of the Society/Bank)

Countersigned by
Head of Department /District/Taluk level
Officer of the concerned Administrative
Department of Government.

Place:
Date:

(Office Seal)

(Name and Signature)